**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2177** **21-06-2024 - ൽ മറുപടിയ്ക്ക്**

**പേരൂർക്കട മോഡൽ ആശുപത്രിയിൽ ഓഡിയോളജിസ്റ്റ് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം പേരൂർക്കട മോഡൽ ആശുപത്രിയിൽ ഇ.എൻ.ടി. വിഭാഗം നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ദിവസേന എത്ര രോഗികൾ ചികിത്സക്കായി എത്തുന്നുണ്ട് ; നിലവിൽ ഈ ആശുപത്രിയിൽ എത്ര ഇ.എൻ.ടി. സ്പെഷ്യലിസ്റ്റുകൾ ആണ് ഉള്ളതെന്നറിയിക്കാമോ; | (എ) | തിരുവനന്തപുരം പേരൂർക്കട മോഡൽ ആശുപത്രിയിൽ ഇ.എൻ.ടി വിഭാഗം നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ദിവസേന 100 മുതൽ 150 രോഗികൾ വരെ ചികിത്സക്കായി എത്തുന്നുണ്ട്. നിലവിൽ ഈ ആശുപത്രിയിൽ 3 ഇ.എൻ.ടി സ്പെഷ്യലിസ്റ്റുകളാണ് ഉള്ളത്. |
| (ബി) | കേൾവിശക്തി പരിശോധനയുടെ ഭാഗമായി ഓഡിയോഗ്രാം റിപ്പോർട്ട് ആവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ട് നൽകാനുള്ള ഓഡിയോളജിസ്റ്റ് തസ്തിക ആശുപത്രിയിൽ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഓഡിയോളജിസ്റ്റ് തസ്തിക ആശുപത്രിയിൽ നിലവിൽ ഇല്ല. ഓഡിയോളജിസ്റ്റിനെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ആശുപത്രിയിൽ എല്ലാ ആഴ്ചയും നടത്തുന്ന ഡിസബിലിറ്റി മെഡിക്കൽ ബോർഡിൽ എത്തുന്ന രോഗികളെ ഓഡിയോഗ്രാം റിപ്പോർട്ടിന് വേണ്ടി മറ്റ് സ്ഥാപനങ്ങളിലേക്ക് അയക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഓഡിയോളജിസ്റ്റ് തസ്തിക ആശുപത്രിയിൽ നിലവിൽ ഇല്ല. ഓഡിയോളജിസ്റ്റിനെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ആശുപത്രിയിൽ നാഷണൽ ഹെൽത്ത് മിഷൻ വഴി ഓഡിയോളജിസ്റ്റിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; പ്രസ്തുത ആവശ്യം ഉന്നയിച്ച് പേരൂർക്കട മോഡൽ ആശുപത്രി സൂപ്രണ്ട് ജില്ലാ മെഡിക്കൽ ഓഫീസർക്കും നാഷണൽ ഹെൽത്ത് മിഷൻ പ്രോജക്ട് ഓഫീസർക്കും കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ? | (ഡി) | ഓഡിയോളജിസ്റ്റ് തസ്തിക ആശുപത്രിയിൽ നിലവിൽ ഇല്ല. ഓഡിയോളജിസ്റ്റിനെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ